# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5608

02.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ - ടൂറിസം മേഖലയിൽ 5 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**

എ) ഈ സർക്കാർ സഹകരണ - ടൂറിസം മേഖലയിൽ 5 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**

(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അടുത്ത 5 വർഷക്കാലം കൊണ്ട് സഹകരണ മേഖലയിൽ ഒരു ലക്ഷവും ടൂറിസം മേഖലയിൽ 4 ലക്ഷവും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു.

സഹകരണമേഖലയിൽ പ്രാഥമിക വായ്പാ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്.

പുതിയ ടൂറിസം സെന്ററുകളുടെ കണ്ടെത്തൽ, നിലവിലുള്ള ടൂറിസം സെന്ററുകളുടെ പരിഷ്കരണം, അടിസ്ഥാന സൗകര്യ വികസനം, ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യയിലൂടെയുള്ള പ്രചാരണം, ദേശീയ-അന്തർദേശീയ ടൂറിസം മേളകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിലൂടെ കൂടുതൽ വിദേശ-ആഭ്യന്തര മാർക്കറ്റുകൾ കണ്ടെത്തൽ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കൽ എന്നിവയടക്കം സാധ്യമായ എല്ലാ മേഖലകളും പ്രയോജനപ്പെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ച് അതുവഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

| | | |
|---|---|---|
| ബി) | ഏതെല്ലാം തരത്തിൽ വൈദഗ്ദ്ധ്യവുമുള്ളവർക്കാണ് ഇപ്രകാരം തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ളത്; വിശദവിവരം നൽകുമോ; | (ബി) സഹകരണമേഖലയിൽ വിവിധ ഉദ്ദേശ്യങ്ങളോടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ അതത് സംഘങ്ങളുടെ സാങ്കേതിക ആവശ്യങ്ങൾക്കനുസൃതമായ വൈദഗ്ദ്ധ്യമുള്ളവർക്കാണ് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ളത്.<br>ടൂറിസം, ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ വിദ്യാഭ്യാസ യോഗ്യതയും പരിജ്ഞാനവും ഉള്ളവർക്ക് ടൂറിസം മേഖലയിൽ തൊഴിൽ ലഭിക്കുവാൻ കൂടുതൽ സാധ്യതകളുണ്ട്. ഇതിനുപുറമേ ടാക്സി ഡ്രൈവർമാർ, കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിപണനവും നടത്തുന്നവർ തുടങ്ങി ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങളും മറ്റും നേരിട്ടോ അല്ലാതെയോ ലഭ്യമാക്കാൻ കഴിയുന്നവർക്കെല്ലാം തൊഴിൽ സാധ്യത ഉണ്ടാകും. |
| സി) | സമയബന്ധിതമായി ഇത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ? | (സി) സഹകരണ മേഖലയിൽ നന്നായി പ്രവർത്തിക്കുന്ന പ്രാഥമികസംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക, സേവന, ചെറുകിട വ്യവസായ മേഖലകളിലായി അനുബന്ധയൂണിറ്റുകൾ ആരംഭിച്ച് അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ദേശീയ-അന്തർദേശീയ തലത്തിൽ പ്രചാരണങ്ങൾ സംഘടിപ്പിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനും ഒപ്പം സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും നവമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ഉള്ള പ്രചരണവും ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**